**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 2376 | 23.01.2014 ലെ മറുപടിയ്ക്ക്

**ട്രഷറികളിൽ സേവനാവകാശനിയമം**

**ചോദ്യം** | **ഉത്തരം**

ശ്രീ. കെ.അച്ചുതൻ
ശ്രീ. അൻവർ സാദത്ത്
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. സണ്ണി ജോസഫ്

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ട്രഷറികളിൽ സേവനാവകാശ നിയമം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | : | ഉണ്ട്. സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾ ക്കൊള്ളിച്ചിട്ടുള്ള ട്രഷറി സേവനങ്ങളുടെ വിശദാംശങ്ങൾ 2013 മാർച്ച് 5 ലെ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. ട്രഷറികളിൽ നിന്ന് നൽകുന്ന പ്രധാനപ്പെട്ട എല്ലാ സേവനങ്ങളും സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉ ൾ ക്കൊള്ളിച്ചിട്ടുണ്ട്. ട്രഷറി ജീവനക്കാരിൽ സേവനാവകാശ നിയമം സംബന്ധിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിശീലന പരിപാടി പൂർത്തിയായി വരുന്നു. സേവനാവകാശ നിയമത്തിൽ അനുശാസിച്ചിട്ടുള്ള എല്ലാ നിബന്ധനകളും പാലിക്കുന്നതിനാവശ്യമായ നടപടികൾ ട്രഷറി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | എന്തെല്ലാം സേവനങ്ങളാണ് ഇത് മുഖേന ഉപഭോക്താക്കൾക്ക് ലഭിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | : | ട്രഷറികളിൽ നിന്ന് നൽകുന്ന 45 സേവനങ്ങൾ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾ ക്കൊള്ളിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ചുള്ള ഗസറ്റ് വിജ്ഞാപനത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുകൊള്ളുന്നു. |
| (സി) | ഇത് സംബന്ധിച്ച് എന്തെല്ലാം ബോധവല്ക്കരണ പ്രവർത്തനങ്ങൾ ജനങ്ങൾ-ക്കിടയിൽ നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | : | സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾ ക്കൊ ള്ളിച്ചിട്ടുള്ള ട്രഷറി സേവനങ്ങൾ ലഭിക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ ട്രഷറി നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. സേവനങ്ങൾ നൽകുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുടേയും അപ്പീൽ അധികാരികളുടേയും പേരു വിവരങ്ങളും ഓഫീസുകളിൽ പ്രദർശിപ്പിക്കുന്നുണ്ട്. ട്രഷറി ഇടപാടുകാരിൽ സേവനാവകാശ നിയമം സംബന്ധിച്ചുള്ള പ്രചാരണം ജീവനക്കാർ മുഖേനയും നേരിട്ടും നടത്തുന്നുണ്ട്. ടി നിയമത്തിന്റെ പരിധിയിൽ ഉൾ ക്കൊള്ളിച്ചിട്ടുള്ള ട്രഷറി സേവനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അടങ്ങുന്ന കൈപുസ്തകം 'കില' യുടെ നേതൃത്വത്തിൽ തയ്യാറാക്കി ഗ്രാമ സഭകളിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. |

(signature)

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**